# അതിവിശുദ്ധ സ്ഥലത്ത് വസിക്കുന്നതിന്റെ മഹത്വം

സാക് പുന്നൻ

WFTW 05 ജനുവരി 2014

പഴയ നിയമ സമാഗമനകൂടാരത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. പ്രകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലംഇത് സമ്പൂർണ്ണസുവിശേഷത്തിന്റെ മൂന്ന് ഭാഗങ്ങളെ പ്രതിനിധീകരിക്കുന്നു.

പ്രാകാരത്തിനകത്ത് യാഗാപീഠവും ,വെള്ളം നിറച്ച താമ്രത്തൊട്ടിയും (കഴുകുവാനായി) ഉണ്ടായിരുന്നു. യാഗപീഠം പ്രതിനിധീകരിക്കുന്നത് 'ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടു.' എന്ന സന്ദേശത്തെയാണ് താമ്രത്തൊട്ടി പ്രതിനിധീകരിക്കുന്നത്. നമ്മുടെ ബാഹ്യമായ കഴുകലിനേയും (എബ്രാ 10:22)വീണ്ടും ജനനസ്നാനത്തെയും (തീതോസ് 3:6) ആണ്. അത് നമ്മൾ സാക്ഷ്യപ്പെടുത്തുന്നത് ജലസ് നാനത്തിലാണ്. (അപ്പോപ്ര 22:16)ഇത് ക്രിസ്തീയജീവിതത്തിന്റെ ആദ്യഘട്ടമാണ്., ഇവിടെ ഒരു വ്യക്തി മാനസാന്തരപ്പെടുകയും തന്റെ പാപത്തിന്റെ ശിക്ഷ വഹിച്ച യേശുവിനെ അവന്റെ രക്ഷകനായി വിശ്വസിച്ച് ആശ്രയിക്കുകയും അതിന്റെ ശേഷം ജലത്തിൽ സ്നാനപ്പെടുകയും ചെയ്യുന്നു.

പ്രാകാരം എല്ലാ ഇസ്രായേല്യാർക്കും വേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. (എന്നാൽ ജാതികൾക്കല്ല.) എന്നിരിക്കിലും വിശുദ്ധസ്ഥലം കർത്താവിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പുരോഹിതന്മാർ!ക്ക് മാത്രമേ തുറക്കപ്പെട്ടിരുന്നുള്ളു. പഴയനിയമത്തിൽ ദൈവത്തെ ശുശ്രൂഷിക്കാനുള്ള ഏറ്റവും പ്രധാനമായ ആവശ്യം അത് പ്രവാചകനോ, പുരോഹിതനോ , രാജാവോ,ആരായിട്ടാലും പരിശുദ്ധാത്മാവിന്റെ അഭിഷേകമായിരുന്നു. ഒരു മാനുഷികയോഗ്യതകൾക്കും ഈ അഭിഷേകത്തിന് പകരമാകാൻ കഴിയുകയില്ല. യേശു പോലും ആദ്യം പരിശുദ്ധാത്മാവിനിൽ അഭിഷേകം ചെയ്യപ്പെടാതെ തന്റെ പരസ്യശുശ്രൂഷയിലേയ്ക്കിറങ്ങിയില്ല. കർത്താവ് ആഗ്രഹിച്ചത് തന്റെ മക്കളെ പ്രാകാരത്തിൽ നിന്ന് ഈ മണ്ഡലത്തിലേയ്ക്ക് നയിക്കാനാണ്. അവിടുത്തെ ശുശ്രൂഷയ്ക്ക് വേണ്ടി ആത്മാവിന്റെ അഭിഷേകത്തിനും ആത്മവരങ്ങളുടെ വ്യാപാരത്തിലേയ്ക്കും.

വിശുദ്ധസ്ഥലത്ത് മൂന്നുതരം ഉപകരണങ്ങൾ ഉണ്ടായിരുന്നു.

(1) നിലവിളക്ക് ഇത് ക്രിസ്തുവിന് വേണ്ടി സാക്ഷികളാകുന്നതിനുള്ള ശക്തി നൽകുന്ന അഭിഷേകത്തിന്റെ പ്രതീകമായിരിക്കുന്നു.(അപ്പോ പ്ര1:8)

(2) കാഴ്ചയപ്പം വയ്ക്കുന്ന മേശ ഇത് ദൈവവചനത്തിന്റെ വെളിപ്പാട് തരുന്ന അഭിഷേകത്തിന്റെ പ്രതീകമായിരിക്കുന്നു.(2 കൊരി 3:18)

(3) ധൂപപീഠംഇത് പ്രാർത്ഥനയിൽ നമുക്ക് ശക്തി നൽകുന്ന അഭിഷേകത്തിന്റെ പ്രതീകമായിരിക്കുന്ന (റോമ 8:26,27) ഇവിടെ വരെ എത്തുക എന്നത് ക്രിസ്തീയജീവിതത്തിന്റെ രണ്ടാമത്തെ ഘട്ടത്തിൽ എത്തുകയാണ്. പാപക്ഷമയും ജലസ്നാനവും മാത്രമല്ല, പരിശുദ്ധാത്മാവിലെ സ്നാനവും കൂടി പ്രാപിക്കുന്നതാണ് ഈ ഘട്ടം.

അതി വിശുദ്ധസ്ഥലത്താണ് സമാഗമ കൂടാരത്തിൽ ദൈവത്തിന്റെ തേജസ് വസിച്ചിരുന്നത്. പുതിയ യെരുശലേമിനെ (അത് സഭയുടെ പ്രതീകമായിരിക്കുന്നു.) പോലെ ഇതും കൃത്യമായ ഒരു ക്യൂബ് ആണ്. ' അതിന്റെ നീളവും വീതിയും ഉയരവും തുല്യമാണ്'. (വെളി. 21:16)ഒരു വ്യക്തിയും പുരോഹിതൻ പോലും അതിവിശുദ്ധസ്ഥലത്തേയ്ക്ക് പോകുവാൻ അനുവദിക്കപ്പെട്ടിരുന്നില്ല. മഹാപുരോഹിതന് പോലും ജനത്തിന്റെ പാപത്തിന് പ്രായശ്ചിത്തം കഴിക്കുവാൻ വർഷത്തിലൊരിക്കൽ മാത്രമാണ് അതിനകത്തുപോകുവാൻ കഴിഞ്ഞിരുന്നത്. ഇത് എടുത്തുകാണിക്കുന്ന കാര്യം ദൈവത്തിന്റെ നേരിട്ടുള്ള സാന്നിധ്യത്തിലേക്കുള്ള വഴി ഒരു മനുഷ്യനു വേണ്ടിയും അതുവരെ തുറക്കപ്പെട്ടിരുന്നില്ല എന്നാണ് (എബ്രയാർ 9:8) അതിനാൽ നാം പഠിക്കുന്നത് ഏറ്റവും നല്ല പഴയനിയമ വിശുദ്ധൻമാർക്കുപോലും അവരുടെ ആത്മീയ അനുഭവങ്ങളുടെ കാര്യത്തിൽ വിശുദ്ധ സ്ഥലം വരെയെ പോകാൻ കഴിഞ്ഞിരുന്നുള്ളൂ എന്നാണ്.

പുതിയ ഉടമ്പടിയുടെ കീഴിൽ, എങ്ങനെയായാലും, തിരശീലയിൽ കൂടി അതിവിശുദ്ധസ്ഥലത്തേക്കുള്ള വഴി നമുക്കുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. എബ്രയർ 10:19,20 ൽ നമ്മോടു പറയുന്നത് ‘ യേശു തന്റെ ദേഹം എന്ന തിരശീലയിൽ കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ഇപ്പോൾ ഉണ്ടെന്നാണ് .യെരുശലേമിലുള്ള ദേവാലയ(സമാഗമന കൂടാരത്തിന്റെ മാതൃകയിൽ പണിയപ്പെട്ടത്) ത്തിലും വിശുദ്ധ സ്ഥലത്തിനും അതിവിശുദ്ധ സ്ഥലത്തിനും ഇടയിൽ ഒരു തിരശീല ഉണ്ടായിരുന്നു. യേശു കാൽവരിയിൽ മരിച്ചപ്പോൾ ഈ തിരശീല മുകൾതൊട്ട് അടിയോളം ചീന്തിപ്പോയ് (മത്താ. 27:50,51)ഇത് യേശു തന്റെ ജഡത്തിൽ ചെയ്ത ഒരു പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. ദൈവഭക്തിയുള്ള ഒരു ജീവിതം ജീവിക്കുന്നതിന്റെ രഹസ്യം ഇരിക്കുന്നത്,(1 തിമോ 3:16 നമ്മോടു പറയുന്ന) ക്രിസ്തു ജഡത്തിൽ വരികയും അവിടുത്തെ ആത്മാവ് നിർമ്മലമായി കളങ്കമില്ലാതെ സൂക്ഷിക്കപ്പെടുകയും ചെയ്തു, എന്നറിയുന്നതിലാണ് .അങ്ങനെയാണ് അതിവിശുദ്ധസ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിനുള്ള വഴി നമ്മുക്കുവേണ്ടി തുറക്കപ്പെടുന്നത്. മനുഷ്യന്റെ സ്വന്തം ഇച്ഛയാണ് ദൈവത്തിന്റെ സാന്നിധ്യം അവനിൽ നിന്നും തടയുന്ന ഘനമുള്ള തിരശീല. ഈ ഭൂമിയിലെ തന്റെ ജീവിതത്തിൽ എല്ലാസമയത്തും യേശു തന്റെ സ്വന്തം ഇച്ഛയെ നിഷേധിച്ചു. അങ്ങനെയാണ് അവിടുന്നു തന്റെ ആത്മാവിനെ നിർമലമായി സൂക്ഷിച്ചത്. നാം നമ്മുടെ ജഡത്തെ (സ്വന്തം ഇച്ഛയെ) അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചാൽ (ഗലാ 5:24) നമുക്കും ആ വഴിയിൽ തന്നെ നടക്കാൻ കഴിയും. അപ്പോൾ നമ്മുക്ക് യേശു ചെയ്തതുപോലെ എപ്പോഴും അതിവിശുദ്ധസ്ഥലത്ത് വസിക്കുവാൻ കഴിയും.

ഒരു വ്യക്തി അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുമ്പോൾ അവൻ ക്രിസ്തീയ ജീവിതത്തിന്റെ മൂന്നാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അതിവിശുദ്ധസ്ഥലത്ത് ദൈവം മാത്രം വസിക്കുന്നു. ഇവിടെ വസിക്കുന്നവർ ദൈവത്തോട് കൂടെ വസിക്കുന്നു. അവർ ജനങ്ങളിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു.മനുഷ്യരുടേയും ക്രിസ്തീയനേതാക്കന്മാരുടെ പോലും മാനം അന്വേഷിക്കുന്നതിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു. നീരസം ഉണ്ടാകുന്നതിൽ നിന്നും, പരാതിയിൽ നിന്നും, പിറുപിറുപ്പിൽ നിന്നും, കയ്പിൽ നിന്നും, അസൂയയിൽ നിന്നും കൂടി അവർ സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു.യേശു തങ്ങളെ സ്നേഹിച്ചതുപോലെ, മറ്റുള്ളവർ തിരിച്ചു സ് നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കാതെ അവരെ സ്നേഹിക്കത്തക്കവിധം അവർ ഇപ്പോൾ സ്വതന്ത്രരാണ്.

ഇപ്പോൾ അവർ ചെയ്യുന്ന എല്ലാകാര്യങ്ങളിലും ദൈവത്തിന്റെ മാനം മാത്രം അന്വേഷിക്കുന്നു. ഉദാഹരണത്തിന് അവർ പ്രാർത്ഥിക്കുകയോ, മീറ്റിംഗുകളിൽ സംസാരിക്കുകയോ ചെയ്യുമ്പോൾ മനുഷ്യരെകുറിച്ചുള്ളതിനേക്കാൾ ദൈവത്തെ കുറിച്ചു ബോധവാരാണ്. അവർ ദൈവത്തെ ഭയപ്പെടുന്നു, അതുകൊണ്ട് അവരുടെ ആന്തരിക(മറഞ്ഞിരിക്കുന്ന) ജീവിതം പുറമേയുള്ള ജീവിതം പോലെതന്നെ നിർമലമാണ്.

ഇവിടെ വസിക്കുന്നവർ കണ്ടിട്ടുണ്ട്, മനുഷ്യന്റെ ദൃഷ്ടിയിൽ ഉന്നതമായതെല്ലാം ദൈവത്തിന്റെ കാഴ് ചയിൽ അറപ്പാണ്. ക്രിസ്തുവിലുള്ള ദിവ്യ സ്വഭാവത്തിന് പങ്കാളിയാകാനുള്ള സാധ്യതകളോട് തുലനം ചെയ്യുമ്പോൾ മറ്റുള്ളതെല്ലാം ഇപ്പോൾ അവർ ചവറുപോലെ കരുതുന്നു. പാപത്തിന്മേൽ വിജയമുള്ള ഒരു ജീവിതത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന അവർ, ദൈവത്തിന്റെ ശക്തിയാൽ വീഴാതെ സൂക്ഷിക്കപ്പെടുകയും ദൈവതേജസ്സിന് കൂടുതൽ കൂടുതൽ പങ്കാളികളാകുകയും ചെയ്യുന്നു. അവർ എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടി സ്ത്രോത്രം ചെയ്യുകയും അവർ ചെയ്യുന്ന എല്ലാത്തിലും അവർ ദൈവമുമ്പാകെ ജീവിക്കുകയും ചെയ്യുന്നു.

അതിവിശുദ്ധസ്ഥലത്ത് വസിക്കുന്നവർ കേവലം ദേഹീപരമായത് (മാനുഷികം) എന്താണെന്നും യഥാർത്ഥത്തിൽ ആത്മീയമായത് (ദൈവീകം) എന്താണെന്നുള്ള കാര്യത്തിൽ വർദ്ധമാനമായ വിവേചനം പ്രാപിക്കുന്നു. ഈ അതിവിശുദ്ധസ്ഥലത്ത് തന്നെയാണ് ആളുകൾ പ്രവർത്തിക്കുന്ന ശരീരമായി ഒരുമിച്ച് കൂടിവരുന്നതും (വെറും ഒരുകൂട്ടത്തിന് വിപരീതമായി) അതിവിശുദ്ധസ്ഥലത്ത് വ്യക്തി മാഹാത്മ്യവാദം ഇല്ല. ഇവിടെ ആരും തനിക്കുവേണ്ടി ജീവിക്കുന്നില്ല. ഇവിടെ ജീവിക്കുന്ന ഓരോരുത്തരുടേയും ജീവിതം നിരന്തരമായ യാഗമാണ്. അതുകൊണ്ട് ദൈവത്തിന് ഇങ്ങനെയുള്ള സഹോദരീസഹോദരന്മാരെ ആ പ്രദേശത്ത് ക്രിസ്

തുവിന്റെ പ്രവർത്തനശേഷിയുള്ള ശരീരമായി ആത്മീയഅധികാരത്തോടുകൂടി ആക്കുവാൻ കഴിയുന്നു. ഇവിടെ വസിക്കുന്നവരെ കുറിച്ചാണ് യേശു 'ഐക്യമത്യപ്പെടുന്നവർ' എന്നും ചോദിക്കുന്നതെന്തും പിതാവിൽ നിന്ന് പ്രാപിക്കുവാനുള്ള അധികാരമുള്ളവർ എന്നും സാത്താന്റെ ശക്തിയെ ബന്ധിക്കുവാൻ കഴിവുള്ളവരെന്നും പറഞ്ഞിരിക്കുന്നത്. (മത്തായി 18:1820)

ക്രിസ്ത്യാനികളുടെ എല്ലാകൂടിവരവുകളിലും ബഹുഭൂരിപക്ഷം പ്രാകാരത്തിൽ പാർക്കുന്നവരാണ്. സുവിശേഷസന്ദേശങ്ങളുടെ മൂന്നിൽ ഒന്നിനോട് പ്രതികരിച്ചവർ, ചിലർ വിശുദ്ധസ്ഥലത്തേയ്ക്ക് മുന്നേറുന്നു. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവർ. ഈ കൂട്ടു സുവിശേഷസന്ദേശത്തിന്റെ മൂന്നിൽ രണ്ടിനോട് പ്രതികരിച്ചിട്ടുണ്ട്. എന്നാൽ ആ കൂടിവരവിന്റെ ആത്മീയ അധികാരവും, സാഫല്യവും ( ദൈവത്തെ സംബന്ധിച്ചിടത്തോളം ) അളക്കപ്പെടുന്നത്,അതിവിശുദ്ധസ്ഥലത്തേയ്ക്ക് പ്രവേശിച്ചവരുടെ എണ്ണത്തിന്റെ പേരിലാണ്. (സമ്പൂർണ്ണസുവിശേഷത്തോട് പ്രതികരിച്ചവർ). തിരശീലയിൽ കൂടി അതിവിശുദ്ധസ്ഥലത്തേയ്ക്ക് കടന്നിട്ടുള്ളവരെ മാത്രമേ സാത്താൻ പേടിക്കുന്നുള്ളു. ഇതുകൊണ്ടാണ് അവർ സമ്പൂർണ്ണസുവിശേഷത്തിന് നേരേ വിശ്വാസികളുടെ കണ്ണിനെ കരുടാക്കിയിരിക്കുന്നത്. ഒരു കൂടിവരവിന്റെ കേന്ദ്രസ്ഥാനത്ത് അതിവിശുദ്ധസ്ഥലത്ത് സ്ഥിരമായി വസിക്കുന്നവർ ഉണ്ടെങ്കിൽ മാത്രമേ ആ കൂടിവരവ് ആത്മീയമരണത്തിന്റെ ബലത്തിൽ നിന്ന് നിർമ്മലമായി നിലനിർത്തപ്പെടുകയും ജീവന്റെ വഴിയിൽ സംരക്ഷിക്കപ്പെടുകയും ഉള്ളു.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)